**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്ത് - 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6-ന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 833/16/തസ്വഭവ. തിരുവനന്തപുരം,തീയതി: 26/02/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 11/05/2015-ലെ എം3-13008/15 നമ്പർ കത്ത്
2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 06/10/2015 ലെ നം. എൽ.എഫ്. 7576/പി.റ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം അംഗനവാടി പോഷകാഹാരം മാവേലിസ്റ്റോറിൽ നിന്ന് വാങ്ങാതെ ആലത്തൂർ കോപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയിൽ നിന്നും വാങ്ങിയതുമൂലം 98,290/-രൂപയുടെ നഷ്ടം ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഭരണസമിതി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവയുടെ പകർപ്പ് സഹിതം അനുകൂല ശുപാർശയോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ നിലവിലുള്ള സർക്കാർ സർക്കുലറിന് വിരുദ്ധമായാണ് ടി ചെലവ് നടത്തിയിട്ടുള്ളതെങ്കിലും പ്രസ്തുത കാലയളവിൽ മാവേലി സ്റ്റോറുകൾ ഭക്ഷണസാധനങ്ങൾ കടമായി നൽകുവാൻ തയ്യാറായിരുന്നില്ലെന്നും പ്രോജക്ടുകൾ അംഗീകരിച്ച് തുക നൽകുവാൻ കാലതാമസം നേരിടുന്ന സമയത്ത് ഫീഡിംഗ് തടസ്സപ്പെടരുതെന്ന സദുദ്ദേശത്തോടുകൂടി മാത്രമാണ് കോഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും സാധനങ്ങൾ വാങ്ങിയതെന്നുമുള്ള ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിലും തുക ക്രമീകരിക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശയുടെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം അധികം ചെലവഴിച്ച 98,290/-(തൊണ്ണൂറ്റിയെട്ടായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,,

കെ.ആർ.പഴനിയമ്മ,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, ആലത്തൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ